# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എസ്.സി/എസ്.ടി/മത്സ്യത്തൊഴിലാളി കോളനികളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പ്ലാൻ / തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 800/2019/തസ്വഭവ    തിരുവനന്തപുരം, തീയതി, 04/04/2019

പരാമർശം:- 02/03/2019 ലെ സ.ഉ.(സാധാ) നം.500/2019/തസ്വഭവ നം. സർക്കാർ ഉത്തരവ്.

## ഉത്തരവ്

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും തുക ചെലവഴിക്കുന്നതിന് പരാമർശ ഉത്തരവ് പ്രകാരം യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ എസ്.സി/എസ്.ടി/മത്സ്യത്തൊഴിലാളി കോളനികളിൽ ടാങ്കർ ലോറികളിൽ ലഭ്യമാക്കുന്ന കുടിവെള്ളം സംഭരിച്ചു വെയ്ക്കുന്നതിന് സൗകര്യമില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ജലദൗർലഭ്യം അനുഭവപ്പെടുന്ന എസ്.സി/എസ്.ടി/ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അവിടുത്തെ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി 500/1000 ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും ആയതിലേയ്ക്ക് ആവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ / തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
റ്റി.കെ.ജോസ്.ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ത.സ്വ.ഭ.വ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
ജലവിഭവ വകുപ്പ് /റവന്യൂ വകുപ്പ് / ധനകാര്യ വകുപ്പ് /കൃഷി വകുപ്പ്/പൊതുഭരണ (എസ്.സി) വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.